(ബി) കട്ല, റോഗു, മൃഗാൽ, സിപ്രിനസ് എന്നീ വളർത്തു മത്സ്യങ്ങളുടെ കുഞ്ഞുങ്ങളുടേയും കാര, നാരൻ ചെമ്മീനുകളുടേയും വിത്തുകളാണ് വിനൃസിക്കുന്നത്.

(സി) മത്സ്യ സമ്പത്തിന്റെ ലഭ്യതയിൽ 5% വർദ്ധനവാണ് ഇത്തരം പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

വേമ്പനാട്ടുകായലിലെ മത്സ്യസങ്കേതം സംരക്ഷിക്കാൻ നടപടി

88 [245] ശ്രീ. തോമസ് ചാഴികാടൻ:
" കെ. നാരായണക്കുറുപ്പ്:
" റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ട് കായലിലെ മത്സ്യസങ്കേതം പോള നിറഞ്ഞ് നശിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ മത്സ്യസങ്കേതത്തിൽനിന്ന് അനധികൃതമായി മത്സ്യം പിടിക്കുന്നത് തടഞ്ഞ് മത്സ്യസങ്കേതത്തെ സംരക്ഷിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വേമ്പനാട്ടു കായലിൽ കുളപ്പായൽ തിങ്ങി നിറഞ്ഞത് പരിഹരിക്കേണ്ടതിലേക്കായി ഫിഷറീസ് വകുപ്പിൽ നിന്നും ഒരു പദ്ധതി തയ്യാറാക്കി എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരിക്കുകയാണ്. പ്രധാന ബോട്ടുറൂട്ടുകളിലേയും കായലുകളിലേയും പായൽ നീക്കുന്നതിന് ജലസേചന വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കായൽ പെട്രോളിംഗ് നടത്തി അടിയന്തിര നടപടികൾ കൈക്കൊള്ളാൻ എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് വേണ്ട നിർദ്ദേശവും 30,000 രൂപയുടെ ഫണ്ടും അനുവദിച്ചു നൽകിയിട്ടുണ്ട്. അതനുസരിച്ച് എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തക്കതായ നടപടികൾ എടുത്തുവരുന്നുണ്ട്.